LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഗസ്റ്റ് ഹൗസിൽ ഭക്ഷണസൗകര്യം ഉണ്ടാക്കുന്നതിന് സമയം എടുക്കുന്ന കാര്യം പറഞ്ഞു. അതേയവസരത്തിൽ ഇപ്പോൾ നിലവിലുള്ള ഹോസ്റ്റലിൽ തന്നെ ഉപയോഗിക്കാതെ കിടക്കുന്ന ഭക്ഷണശാല ഈ ആവശ്യത്തിനായി പ്രത്യേകമായി കൊടുക്കാനും വൈസ് ചാൻസിലറും സിൻഡിക്കേറ്റും സമ്മതിച്ചിട്ടുണ്ട്. ഇവർ അതും അംഗീകരിച്ചിട്ടില്ല. അതുവേണമെങ്കിൽ പെട്ടെന്നുതന്നെ ചെയ്യാവുന്ന കാര്യമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിർദ്ദേശം ഞാൻ സ്വീകരിക്കുന്നു. ഈ പ്രശ്നം വളർത്തുകയല്ല പരിഹരിക്കുകയാണ് ചെയ്യേണ്ടത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും കൂടി വിദ്യാർത്ഥികളുടെ പ്രതിനിധികളെ അടിയന്തരമായി നാളെത്തന്നെ വിളിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. നിങ്ങൾ ചെയ്യേണ്ടത് ഇവിടെവന്ന രണ്ടു നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒരു നിർദ്ദേശം അംഗീകരിക്കുന്നതിന് അവരോടുകൂടി ഉപദേശിക്കണം. അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം. നാളെ തന്നെ അവരെ വിളിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്യുതാനന്ദൻ) : മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും നിർദ്ദേശത്തോട് യോജിച്ച് പ്രതിപക്ഷ ഉപനേതാവായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൂടി ഇടപെട്ട് ഇത് തീർക്കുന്നതിനു വേണ്ടി എല്ലാവിധത്തിലുള്ള സഹായവും ചെയ്യും. വിദ്യാഭ്യാസ മന്ത്രിയും അതുപോലെ മുഖ്യമന്ത്രിയും നിർദ്ദേശം കൊടുത്തിട്ടു പോലും അത് തെറ്റിക്കുന്ന, രണ്ട് ശമ്പളം കൈപ്പറ്റിയ മാന്യനാണല്ലോ വി.സി. അതുകൊണ്ട് അദ്ദേഹത്തിന്റെ കാര്യമൊന്ന് ശ്രദ്ധിച്ചുകൊള്ളണമെന്നാണ് എന്റെ റിക്വസ്റ്റ്.

10.07 AM]

III ശ്രദ്ധ ക്ഷണിക്കൽ

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശ്രീ. രാജു എബ്രഹാം ഒരു ഒബ്ലിക്ഷൻ തന്നിട്ടുണ്ട്. ഇന്നത്തേക്ക് ശ്രദ്ധ ക്ഷണിക്കൽ വേണമെന്ന് ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ എന്നോട് ആവശ്യപ്പെട്ടത് 1-ാം തീയതിയാണ്. 9-ാം തീയതിക്ക് ഡേറ്റ് ഇട്ട് സമ്മതിക്കുകയും ചെയ്തു. ശ്രീ. രാജു എബ്രഹാം ഇതേ വിഷയം ഒരു സബ്മിഷനുവേണ്ടി 4-ാം തീയതി ചെയറിനോട് ആവശ്യപ്പെട്ടു. പക്ഷേ, ഈ വിഷയമാണ് ശ്രദ്ധ ക്ഷണിക്കലായി വന്നതെന്ന് ചെയറിന് അറിയില്ലായിരുന്നു. സബ്മിഷൻ ശ്രീ. രാജു എബ്രഹാമിന് കൊടുക്കാമെന്നും പറഞ്ഞു. എന്തായാലും ഒന്നാം തീയതി ശ്രദ്ധ ക്ഷണിക്കലിന് ശ്രീ. കെ. ബി. ഗണേഷ് കുമാർ നോട്ടീസ് തന്നതാണ്. ശ്രീ. രാജു എബ്രഹാം നാലാം തീയതി ഇതേ വിഷയം സംബന്ധിച്ച് സബ്മിഷന് നോട്ടീസ് തന്ന വിവരവും കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.